# കാലടിയിൽ വൻ ഗഞ്ചാവ് വേട്ട

കാലടി ശ്രീ ശങ്കര കോളേജ് റോഡ് ഭാഗത്ത് വച്ച് വെസ്റ്റ് ബംഗാൾ സ്വദേശിയായ സംപ്രീത് S/o ഷാനി ഉറായോ, ഒഡീഷ സ്വദേശി ബുധിരാംദാസ് S/o ഭാസ്കർ ദാസ് എന്നിവരെ വിൽപ്പനയ്ക്കായി കൊണ്ടു വന്ന 4.500 കിലോഗ്രാം ഗഞ്ചാവുമായി പിടികൂടി.

ബഹു.എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് ന് ലഭിച്ച രഹസ്യ വിവരത്തിൻെറ അടിസ്ഥാനത്തിൽ ജില്ലാ നാർകോട്ടിക് സെൽ ഡി.വൈ.എസ്.പി ടി.ശ്യാംലാലിൻെറ മേൽനോട്ടത്തിൽ നാർകോട്ടിക് സെൽ എസ്.ഐ മുഹമ്മദ് അഷ്റഫ്, എ.എസ്.ഐ അശോകൻ, സി.പി.ഒ മാരായ ഫ്രാൻസിസ്, പ്രശാന്ത്, രഞ്ജിത്ത്, ജാബിർ, അഖിൽ, കാലടി പോലീസ് സ്റ്റേഷൻ എസ്.ഐ എൻ.എ അനൂപ്, ജൂനിയർ എസ്.ഐ ജേക്കബ്, സി.പി.ഒ മാരായ അനിൽ കുമാർ, മനോജ് എന്നിവരടങ്ങുന്ന പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

ഓണത്തോടനുബന്ധിച്ച് റൂറൽ ജില്ലയിൽ നടത്തി വരുന്ന ശക്തമായ മദ്യ മയക്കമരുന്ന് റെയ്ഡുകളുടെ ഭാഗമായാണ് ഗഞ്ചാവ് പിടികൂടിയത്.